കേരള സർക്കാർ

# വടക്കേക്കര ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി12)10/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 23.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്
സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.12)10/2019 തീയതി :23/03/2019

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 21/12/18 മുതൽ 31/12/18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അബ്ദുൽ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | എൻ.എം. സജീവ്, അസിസ്‌റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കവിത എസ് കണ്ണൻ, സീ ഗ്രേ ഓഡിറ്റർ |
| | ടിന ജോസഫ്., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.എം. അംബ്രോസ് | 01.04.2017മുതൽ31.03.2018 വരെ |
| സെക്രട്ടറി | ഷാജൻ വി എ(ഇൻ ചാർജ്) | 01.04.2017മുതൽ 30.4.2017വരെ |
| | സഞ്ജയ പ്രഭു | 1.5.2017മുതൽ 31.5.2017 വരെ |
| | വിജയം | 1.06.2017മുതൽ 24.6.2017വരെ |
| | ഷിബു എം.കെ | 25.6.2017 മുതൽ 31.3.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഷാജൻ.വി.എ | 1.4.2017 മുതൽ 23.6.2017 വരെ |
| | ജസീന്ത കെ പി | 24.6.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ. വടക്കേക്കര സർക്കിൾ | വിജയകുമാർ.പി.പി | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ.മൂത്തകുന്നം സർക്കിൾ | രമാദേവി | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ദിവ്യ.കെ.എം | 01.04.2017മുതൽ 31.03.2018വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | അമ്പിളി അഗസ്റ്റിൻ | 01.04.2017മുതൽ 21.12.17വരെ |
| | ഫിലോമിന ടീന | 22.12.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സിന്ധു.എസ്. | 01.04.2017മുതൽ 4.10.17വരെ |
| | ലാലി കെ ജി | 5.10.17മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബീന.എസ്. | 1.4.17 മുതൽ 2.6.17 വരെ |
| | ഡോ.ജ്ജ്നി ചാണ്ടി | 3.6.17 മുതൽ 31.3.18 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.അനിൽകുമാർ | 1.4.17 മുതൽ 7.8.17 വരെ |
| | ഡോ.തോമസ് ജിബിൻ ഐ എസ് | 7.8.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ(CHC) | ഡോ.സൈനാമേരി | 1.4.17 മുതൽ 01.8.17 വരെ |
| | ഡോ.ഷിനിൽ | 2.8.17 മുതൽ 11.8.17 വരെ |
| | ഡോ.ശോഭ | 12.8.17 മുതൽ 31.3.18 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മനീഷ | 1.4.17 മുതൽ 7.6.17 വരെ |
| | ഡോ.ബിൻസി | 8.6.17 മുതൽ 12.12.17 വരെ |
| | ഡോ.അനിൽ കുമാർ | 13.12.17മുതൽ 31.3.18 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ലീന തോമസ് | 1.4.17മുതൽ 31.03.2018വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെഡ്മിസ്ട്രസ്സ് | ശ്രീദേവി | 1.4.17മുതൽ 31.03.2018വരെ |
| ക്ഷീരവികസന ഓഫീസർ | ഷൈജ എം കുമാർ | 1.4.17മുതൽ 31.03.2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിലെ -അപാകതകൾ | 2-1 |
| 14 | ദുരിതാശ്വാസ നിധി പ്രവർത്തനത്തിലെ പോരായ്മ | 2-2 |
| | ഭാഗം - 3 | |
| 16 | ഭവന നിർമാണം പൂർത്തീകരിച്ചില്ല | 3-1 |
| 17 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)നിർവഹണം നടത്തിയ പ്രോജക്ടുകൾ-അപാകത | 3-2 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല | 3-3 |
| 19 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച് | 3-4 |
| 20 | കട്ടത്തുരുത്ത് പുതിയകാവ് ലിങ്ക് റോഡ് മെറ്റലിംഗും ടാറിംഗും - ഫൈൻ ഈടാക്കിയിട്ടില്ല | 3-5 |
| 21 | സത്താർ ഐലൻഡിൽ "ചീപ്പ് കം കൽവർട്ട് നിർമ്മാണം"- എസ്റ്റിമേറ്റ് കുറവ്, ഫൈൻ ഈടാക്കിയിട്ടില്ല | 3-6 |
| 22 | ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതി-അപാകത | 3-7 |
| 23 | ബിറ്റുമിൻ -ബാക്കി തുക ലഭിച്ചിട്ടില്ല | 3-8 |
| 24 | ബിറ്റുമിൻ വില കുറച്ചത്-അപാകത | 3-9 |

| | | |
|---|---|---|
| | ഭാഗം - 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം1 |
| 33 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം2 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2017-18 | |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29/03/2017തീയതിയിലെ 1 (1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26/5/18തീയതിയിലെ 10(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 01/06/2018 |

.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|---|
| 2017-18 | 25/6/18 മുതൽ 26/6/2018 വരെ | കെഎസ്എ-ഇകെഎം(പിജി)1786(75)/2018 തീയതി: 31.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22300625 |
| വരവ് | 77387740 |
| ആകെ | 99688365 |
| ചെലവ് | 80703089 |
| നീക്കിയിരിപ്പ് | 18985276 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17818000 | 17818000 | 17818000 | 0 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3410916 | 3410916 | 3410916 | 0 | 00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 203917 | 203917 | 188750 | 0 | 15167 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5711252 | 5711252 | 5711252 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4511606 | 4511606 | 4511606 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8787808 | 8787808 | 8787808 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 4461888 | 4461888 | 3014063 | 0 | 1447825 |

| | | | | | | | |
|---|---|---|---|---|---|---|---|
| സാക്ഷരത | | 7330 | 281 | 7611 | 0 | 7611 | 0 |
| ദുരിതാശ്വാസനിധി | | 9701 | 0 | 9701 | 0 | 9701 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 21891181 | 21891181 | 21891181 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 2819 | 995871 | 998690 | 994289 | 4401 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടിഎസ് സി) | | 1650 | 48 | 1698 | 0 | 1698 | 0 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 823000 | 823000 | 823000 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 0 | 1228000 | 1228000 | 212666 | 1015334 | 0 |
| ബി ഫണ്ട് | | | 60897040 | 60897040 | 60897040 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9141519 | 16788291 | 25929810 | 13919470 | 12010340 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 12984876 | 12915505 | 25900381 | 20148063 | 5752318 | 0 |
| ഇ പേയ്മെന്റ് (എസ് ബി ടി) | | 0 | 33309 | 33309 | 0 | 33309 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 74545016 | 166 | 51089131 | - | 16 | 91.2% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2819 | 995871 | 998690 | 994289 | 4401 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 21891181 | 21891181 | 21891181 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44040 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 766600 | 64 |
| വിധവാപെൻഷൻ | 17044800 | 1454 |
| വാർദ്ധക്യകാലപെൻഷൻ | 35261300 | 3090 |
| വികലാംഗപെൻഷൻ | 4103900 | 344 |
| അവിവാഹിതരായ 50വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് പെൻഷൻ | 2559400 | -- |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/12/2018 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24174 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. അസി.എഞ്ചിനീയർ, വെറ്ററിനറി സർജൻ, ഫിഷറീസ് ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർമാർ എന്നിവരൊഴികെയുള്ള നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ, രജിസ്റ്ററുകൾ, ഫയലുകൾ, ഹാജർ ബുക്കുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ, നികുതി രജിസ്റ്ററുകൾ,വൗച്ചറുകൾ, മറ്റ് രേഖകൾ മുതലായവ പ്രളയം മൂലം നശിച്ച് പോയിട്ടുള്ളതിനാൽ ആയവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ടെങ്കിലും സാംഖ്യ രസീതുകൾ പൂർണമായും കയ്യെഴുത്ത് രസീത് ബുക്കുകൾ ഭാഗികമായും പരിശോധനയ്ക്ക് ലഭ്യമായില്ല. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്-ചെലവ് അനുപാതവും, നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

6.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യ പ്രകാരം ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതിയത് മൂലം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നികുതി അടവാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ പരാമർശം ഉണ്ടായിരുന്നിട്ടും പഞ്ചായത്ത് ഇതിൻ മേൽ നടപടി സ്വീകരിച്ചിട്ടില്ല.

7. പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിൽ രൂപീകൃതമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.9.18 ലെ 2462/18 നമ്പർ ഉത്തരവ് പ്രകാരം ഏറ്റവും പുതിയതായി രൂപീകരിച്ച ദുരന്തനിവാരണം-ജൈവവൈവിധ്യം ഗ്രൂപ്പും ഇവയിലുൾപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെട്ട ഉത്തരവാദിത്തങ്ങൾ എത്രത്തോളം നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിലായി യോഗം ചേർന്നതായികാണിച്ചിട്ടുണ്ട്. ഉദാ-മത്സ്യബന്ധനം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം-സംസ്കാരം, വനിതശിശുവികസനം, ദാരിദ്ര്യലഘൂകരണം എന്നീ ഗ്രൂപ്പുകൾ 5 തവണയും സാമൂഹ്യക്ഷേമം, പട്ടികജാതി വികസനം, മൃഗസംരക്ഷണം എന്നിവ 3 പ്രാവശ്യം വീതവും തൻവർഷം യോഗങ്ങൾ കൂടിയിട്ടുണ്ട്.എന്നാൽ പദ്ധതി രൂപീകരണം,

പൊതുമരാമത്ത്, ചെറുകിടവ്യവസായം, കുടിവെള്ളം-ശുചിത്വം എന്നീ ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കിൽ മാർച്ച് മാസത്തെ ഒരു യോഗവിവരവും ബാക്കി ഹാജർ വിവരങ്ങളും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. യോഗങ്ങളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല. യോഗ വിവരങ്ങളും തീരുമാനങ്ങളും ഉൾപ്പെടുത്തി മിനിറ്റ്സ് ബുക്കുകൾ പൂർണമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/12/2018 | 11/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/6/16 - 12/7/16 | 2011-12 to 2015-16 | 27/8/2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1)എറണാകുളം ജില്ലാ സഹകരണബാങ്കിന്റെ മൂത്തകുന്നം ബ്രാഞ്ചിലെ അക്കൗണ്ട് നം.281./2 ൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള 3 മാസത്തിലേറെയായ ഇനിയും encash ചെയതിട്ടില്ലാത്ത താഴെപ്പറയുന്ന ചെക്കുകൾ റദ്ദ് ചെയ്ത് തുകകൾ തിരികെ തനത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

2)ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B4 ,ഷെഡ്യൂൾ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3)വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4)ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | ചെക്ക് നം. തീയതി | തുക |
|---|---|---|
| 1 | 578131/29.9.15 | 500.00 |
| 2 | 579873/23.12.15 | 500.00 |
| 3 | 989500/27.3.17 | 180.00 |
| 4 | 988263/25.1.17 | 664.00 |
| 5 | 988257/23.1.17 | 80.00 |
| 6 | 988257/” | 1466.00 |
| 7 | 988257/” | 287.00 |
| 8 | 988257/” | 1851.00 |
| 9 | 988256/”<br>988253/21.1.17 | 8972.00<br>529.00 |

| | | |
|---|---|---|
| 10 | 445357/20.12.17 | 20.00 |
| 11 | 988255/” | 4830.00 |
| 12 | 988254/” | 1199.00 |
| 13 | 988252/”<br>989902/26.4.17<br>444055/28.9.17 | 1305.00<br>1750.00<br>795.00 |
| 14 | 445357/20.12.17 | 1127.00 |
| | ആകെ | 26055 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

എ) തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്

| ക്രമ നമ്പർ | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് വിവരം | ആകെ ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി(അർദ്ധ വർഷം) | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ഹെഡ് ഹോപ്പ്, എച്ച്.എം ഒ.എൽ.എസ്.എ.ഐ എൽ.പി.സ്കൂൾ | 341836 | 1250(2017-18 രണ്ടാം അർദ്ധ വർഷം) | 0 | 1250 |
| | ആകെ | | | | 1250 |

മേൽ ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി)വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് വിവരം | അർദ്ധവർഷം |
|---|---|---|
| 1 | വാവക്കാട് ക്ഷീര സഹകരണ സംഘം | 2017-18 1ാം&2ാം അർദ്ധ വർഷം |
| 2 | തിരുത്തിപ്പുറം ക്ഷീര സഹകരണ സംഘം | 2017-18 1ാം&2ാം അർദ്ധ വർഷം |
| 3 | മടപ്ലാതുരുത്ത് ക്ഷീര സഹകരണ സംഘം | 2017-18 1ാം& 2ാം അർദ്ധ വർഷം |
| 4 | കൊട്ടുവള്ളിക്കാട് ക്ഷീരസഹകരണ സംഘം | 2017-18 1ാം& 2ാം അർദ്ധ വർഷം |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി) വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരം താഴെ

ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് വിവരം | അർദ്ധവർഷം |
|---|---|---|
| 1 | ആർ.കെ ഹോസ്പിറ്റൽ,തിരുത്തിപ്പുറം | 2017-18 രണ്ടാം അർദ്ധ വർഷം |
| 2 | ജെ.ജെ.കൺസേൺ | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | കുര്യാപ്പിള്ളി ഹാന്റ് ലൂം | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ദുരിതാശ്വാസ നിധി പ്രവർത്തനത്തിലെ പോരായ്മ

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ദുരിതാശ്വാസനിധി രൂപീകരിക്കാം. ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും 9701/- രൂപ മാത്രമാണ് അക്കൗണ്ടിൽ ഉള്ളത്. തൻവർഷം ആർക്കും തന്നെ ധനസഹായം വിതരണം നടത്തിയിട്ടില്ല. കൂടുതൽ ഫണ്ട് ശേഖരിക്കുന്നതിനും അത് ദുരിതമനുഭവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനാവശ്യവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന നിർമാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ പദ്ധതി (ജനറൽ) |
| പ്രോജക്ട് നമ്പർ | 207/18 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, മൂത്തകുന്നം |
| അടങ്കൽ | 22,00,000 /- (21,79,000-വികസന ഫണ്ട് 21000-തനത് ഫണ്ട്) |
| ചെലവ് | 9,60,000 /- (9,60,000/-വികസനഫണ്ട്) (ബിൽ.നം-26/17-18, 9,60,000/-) |

ലൈഫ് മിഷന്റെ പദ്ധതിയിൽപ്പെടുത്തി 2017-18 വർഷം 24 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ആദ്യ ഗഡുവക ( 40,000/- ) നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ വ്യവസ്ഥകൾ പ്രകാരം കരാറിൽ (കരാർ തീയതി- 21/3/18) ഏർപ്പെട്ട് 6 മാസത്തിനകം ഭവന

നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്
(നം- 4/28.12.18 ) മറുപടിയായി 18 പേരുടെ വീടുപണി പൂർത്തിയായിട്ടുണ്ടെന്നും ബാക്കി 6 പേർ ഉത്തരപ്പൊക്കം വരെയുള്ള നിർമ്മാണ ഘട്ടത്തിലാണെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം 14 ഗുണഭോക്താക്കൾക്ക് മാത്രമേ മൂന്നാം ഗഡു തുക നൽകിയിട്ടുള്ളൂയെന്നും അവശേഷിക്കുന്നവർക്ക് നൽകുവാനുള്ള തുക ലൈഫ് മിഷനിൽ നിന്നും ലഭ്യമായിട്ടില്ലായെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ലൈഫ് മിഷനിൽ നിന്നും തുക ലഭ്യമാവുന്ന മുറയ്ക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകൾ-അപാകത

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് പദ്ധതി

| | |
|---|---|
| പ്രോജക്ട് നം | 105/18 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 500000/-രൂപ<br>300000/-<br>വികസന ഫണ്ട്<br>200000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | വികസന ഫണ്ട് ചെലവുകൾ<br>1) 96873/-<br>ബിൽ.നം-1/17-18, തീ. 15.9.17<br>2)46320/-<br>ബിൽ.നം-2/17-18, തീ. 21.10.17<br>3)23100/-<br>ബിൽ.നം-3/17-18, തീ. 24.11.17<br>4)33707/-<br>ബിൽ.നം-4/17-18, തീ. 28.12.17<br>5)100000/<br>ബിൽ.നം-6/17-18, തീ. 12.1.18<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവുകൾ<br>1) 86820/-<br>ചെക്ക്.നം-6/17-18, തീ. 12.1.18<br>2)60440/-<br>ചെക്ക്.നം- 2449588, തീ. 17.3.18<br>3)52740/-<br>ചെക്ക്.നം-2449591,തീ. 26.3.18 |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം- 3/28.12.18) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.
(എ) മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് വികസന ഫണ്ടിൽ നിന്നും 100000/- രൂപ (ബിൽ.നം-6/17-18, തീ. 12.1.18) KMSCL ന് നൽകിയിട്ടുണ്ട്. മരുന്നുകൾ ഇതു വരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ബി) പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ (GO Rt 3217/15, 29.10.15) ഖണ്ഡിക 2.3 പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ (ഗൃഹ സന്ദർശന ഷെഡ്യൂൾ) തയ്യാറാക്കി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനിട്സ് ബുക്ക്

പരിശോധിച്ചതിൽ 2017-18 വർഷം 4 പ്രാവശ്യം മാത്രമേ (28.4.17, 1.6.17, 28.9.17, 17.3.18 ) പി.എം.സി യോഗം കൂടിയിട്ടുള്ളൂ. ചട്ടപ്രകാരം യോഗം കൂടി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും യഥാക്രമം 34000/, 17000/-, 17000/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവുകൾ-ക്രമ.നം 1, 2, 3) ഗൃഹ സന്ദർശനത്തിനായുള്ള വാഹന വാടകയിനത്തിൽ ശ്രീ കെ.എസ് സജിക്ക് (2017 ഡിസംബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലേക്ക് ) നൽകിയിട്ടുണ്ട്. പ്രതിദിനം 1100/-രൂപ നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്.എന്നാൽ ദിവസേന ഓടുന്ന ദൂരത്തിനനുസൃതമായല്ല വാഹനത്തിന് വാടക നൽകിയതെന്ന് കാണുന്നു. പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.5 (3) പ്രകാരം ദിവസം 45 മുതൽ 54 കി.മീ വരെ യാത്ര ചെയ്താലാണ് 1100/- രൂപ വാടക നൽകാവുന്നത്. എന്നാൽ മേൽപ്പറഞ്ഞ കാലയളവിലൊന്നും തന്നെ അത്രയും ദൂരത്തിൽ വാഹനം ഉപയോഗിക്കേണ്ടി വന്നിട്ടില്ലായെന്ന് ഹോം കെയർ റിപ്പോർട്ടും വാഹനത്തിന്റെ ടൂറിസ്റ്റ് ടാക്സി രസീതും പരിശോധിച്ചതിൽ വ്യക്തമാവുന്നു. എന്നാൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് 1100/-രൂപയിൽ കുറഞ്ഞ തുകക്ക് ആരും തന്നെ തയ്യാറാകാതിരുന്നതിനാലാണ് ടി തുകക്ക് കരാറുറപ്പിക്കേണ്ടി വന്നതെന്നുള്ള മറുപടി തൃപ്തികരമല്ല. കാരണം 2017 സെപ്റ്റംബർ വരെ ഉപയോഗിച്ചു വന്ന അഞ്ച് സീറ്റിംഗ് കപ്പാസിറ്റിയുള്ള Tata Iris (KL 42 G 8486, KL 42 M 4378) വാഹനങ്ങൾക്ക് 700/ 600 രൂപയാണ് ദിവസവാടകയായി നൽകിയിരുന്നത്. രേഖകൾ പ്രകാരം 2017 ഡിസംബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ പ്രസ്തുത വാഹനം 25- 34കി.മീ / 35-44 കി.മീ വരെ ഓടിയിട്ടുള്ളതും ആയതിന് നൽകാവുന്ന പരമാവധി ദിവസ വാടക 900/- അല്ലെങ്കിൽ 1000/- രൂപയുമാണ്. ഭാവിയിൽ ഇത്തരം അപാകതയുണ്ടാവാതെ ശ്രദ്ധിക്കേണ്ടതും മാർഗരേഖ നിർദേശങ്ങൾ പാലിച്ച് വാടക തുക നിശ്ചയിച്ച് നൽകേണ്ടതുമാണ്.

ഡി) ഗൃഹസന്ദർശനത്തിനായി 2017 ഡിസംബർ മാസം മുതൽ 1100/- രൂപ നിരക്കിൽ വാടക നൽകി ഉപയോഗിച്ചത് ശ്രീ കെ.എസ് സജി എന്ന കരാറുകാരന്റെ Mahindra Xylo (KL 42 D 5545) എന്ന വാഹനമാണ്.ഇതു വരെ ഉപയോഗിച്ചതിൽ നിന്ന് വ്യത്യസ്തമായി വാഹനം മാറ്റി വാടകക്ക് എടുത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി പരിചരണത്തിനാവശ്യമായ സാധനങ്ങൾ കൊണ്ടുപോകേണ്ടി വരുമ്പോൾ ഉപയുക്തമാകത്തക്ക രീതിയിൽ കൂടുതൽ സൗകര്യമുള്ള വലിയ വാഹനം തന്നെ വേണമെന്ന് പി.എം.സി യിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും നിർദ്ദേശം വന്നതിനാലാണ് ഏഴ് സീറ്റുള്ള വാഹനം (Mahindra Xylo) വാടകയ്ക്ക് എടുത്തതെന്ന് മെഡിക്കൽ ഓഫീസർ വിശദീകരിച്ചിട്ടുണ്ട്. ഹോംകെയർ ടീമിനൊപ്പം മെമ്പർമാർക്ക് കൂടി പോകുന്നതിലേക്ക് സൗകര്യമുള്ള വലിയ വാഹനം ആവശ്യമാണെന്ന് പി.എം.സി മിനിറ്റ്സിലും ( തീയതി- 28.4.17, 28.9.17) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോം കെയർ റിപ്പോർട്ട് പരിശോധിച്ചതിൽ 2017 ജൂൺ മാസത്തിൽ മാത്രമാണ് മെമ്പർമാരുടെ സാന്നിദ്ധ്യം ഹോംകെയർ ടീമിനൊപ്പം ഉണ്ടായിരുന്നത്. ബാക്കിയെല്ലാ മാസവും ഡ്രൈവറുൾപ്പെടെ മൂന്ന് പേരാണ് ടീമിലുണ്ടായിരുന്നത്. മാത്രമല്ല രോഗികൾക്ക് ഉപകരണങ്ങൾ കൊണ്ട് പോയതായി ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. പാലിയേറ്റീവ് ഫണ്ട് മിതവ്യയം പാലിച്ച് വിനിയോഗിക്കേണ്ടതാണെന്ന് മാർഗരേഖ ഖണ്ഡിക 2.7.1 ൽ നിർദ്ദേശിക്കുന്നു. ആയതിനാൽ ആവശ്യകത മുൻനിർത്തി വാഹനം തെരഞ്ഞെടുക്കേണ്ടതും അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

2.കൊതുക് നശീകരണം

| | |
|---|---|
| പ്രോജക്ട് നം | 111/18 |
| പ്രോജക്ടിന്റെ പേര് | കൊതുക് നശീകരണം |
| അടങ്കൽ | 150000/-<br>തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 1)48600/-ലേബർ ചാർജ്<br>(ഒരു വാർഡിൽ ദിവസം 486/-രൂപ നിരക്കിൽ 20 വാർഡിൽ 5ദിവസം 20x5x486= 48600/-)<br>2)101400/-<br>cheque.2429027/ 10.1.18 |

മേൽ പദ്ധതിയുടെ അപാകതകൾ താഴെക്കൊടുക്കുന്നു

a) ഫോഗിംഗ്-സ്പ്രേയിംഗ് മെഷീനുകൾ വാങ്ങാനും 20 വാർഡിൽ 7 ദിവസം വീതം സ്പ്രേയിംഗ് നടത്താനുമാണ് പ്രോജക്ട് കൊണ്ടുദ്ദേശിച്ചത്. ഫോഗിംഗ്- സ്പ്രേയിംഗ് മെഷീനുകൾ KSIE യിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഒരു വാർഡിൽ അഞ്ച് ദിവസം വീതം ആകെ 20 വാർഡിൽ സ്പ്രേയിംഗ് നടത്തിയിട്ടുള്ളതും ടി പ്രവൃത്തി നടത്തുന്നതിലേക്ക് 486/-രൂപ ദിവസ വേതനം കണക്കാക്കി 48600/ രൂപ തൻവർഷം കൂലിയിനത്തിൽ ചെലവഴിച്ചിട്ടുള്ളതുമാണ്. ആയതിന് നിയോഗിച്ച ചെല്ലമ്മ തമ്പി എന്ന തൊഴിലാളിയുടെ കൈപ്പറ്റ് വൗച്ചർ പരിശോധിച്ചതിൽ എച്ച് ഐ യുടെ കൈയ്യൊപ്പില്ലാതെ തങ്ങളുടെ വാർഡുകളിൽ പ്രവൃത്തി തൃപ്തികരമായി നിർവഹിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അടിയന്തിരമായി വൗച്ചറുകൾ തയ്യാറാക്കിയപ്പോൾ വന്ന നോട്ടപ്പിശക് മൂലമാണ് അപ്രകാരം സംഭവിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് മോണിട്ടറിംഗിന്റെ അഭാവമായിത്തന്നെ ഓഡിറ്റ് വിലയിരുത്തുന്നു. മോണിട്ടറിംഗ് റിപ്പോർട്ടും മെമ്പർമാരുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

b) ഈ പ്രോജക്ടിൽപ്പെടുത്തി 101400/- രൂപ ചെലവഴിച്ച് താഴെപ്പറയും പ്രകാരം KSIE യിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| ഫോഗിംഗ് സ്പ്രേയിംഗ് മെഷീനുകൾ (Invoice no-63, 18.11.17) | 1)ഫോഗിംഗ് മെഷീൻ 1 എണ്ണം@78250/=78250<br>2)സ്പ്രേയിംഗ് മെഷീൻ(3എണ്ണം@ 1050=3150) | 81400/- |
| സീലിംഗ് ഫാൻ | 4 nos, | 7600/ |
| പെഡസ്റ്റൽ ഫാൻ | 1 nos | 2600/- |
| ടേബിൾ | 1 nos | 4500/- |
| ഗ്ലൂക്കോ മീറ്റർ | 4 nos | 5300/- |

കൊതുക് നശീകരണ പ്രോജക്ടിൽപ്പെടുത്തി ഇപ്രകാരം ഫർണിച്ചർ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിൽ പ്രസ്തുത ബില്ലുകൾ പേയ്മെന്റിനായി സമർപ്പിച്ചപ്പോൾ വന്ന പിശക് മൂലമാണെന്നറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2017-18 ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം

ചുവടെ ചേർക്കുന്നു.,

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 3644 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 4834 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1025 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1525 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 71911 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 80.35 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 431 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് കേവലം 80.35 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 1025 കുടുംബങ്ങളിൽ കേവലം 431 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. കേവലം 42%. ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 അങ്കണവാടികളുടെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച്

സാമ്പത്തികമായി പിന്നാക്കം നില്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് ഇവിടുത്തെ അങ്കണവാടികൾ. ആകെ 33 അങ്കണവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 28 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. ബാക്കിയുള്ളവയിൽ 4 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം പഞ്ചായത്ത് വക ലൈബ്രറിയിലുമാണ് പ്രവർത്തിക്കുന്നത്.

കേവലം 3 എണ്ണത്തിൽ മാത്രമാണ് ശിശു സൌഹൃദ ടോയ് ലറ്റ് സൗകര്യം ഉള്ളത്. 27 എണ്ണത്തിന് ചുറ്റുമതിലോ വേലിയോ ഇല്ല. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. അതുപോലെ, ഭൂരിഭാഗം അങ്കണവാടികളിലും കുട്ടികളുടെ മാനസികോല്ലാസത്തിന് ചെറിയ കളിപ്പാട്ടങ്ങൾ ഒഴികെ കാര്യമായ സൌകര്യങ്ങൾ (കളി ഉപകരണങ്ങൾ) ഒന്നും തന്നെയില്ല എന്നും കാണുന്നു.

ടി വസ്തുതകളിൽ നിന്നും അങ്കണവാടികളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 കട്ടത്തുരുത്ത് പുതിയകാവ് ലിങ്ക് റോഡ് മെറ്റലിംഗം ടാറിംഗം - ഫൈൻ ഈടാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി നം. | S0-097/17 |
| അടങ്കൽ | 3,60,000/-മെയിന്റനൻസ് ഫണ്ട്(റോഡ്) |
| ചെലവ് | 2,85,383/- |
| കരാറുകാരൻ | പി ആർ സാബു |
| എഗ്രിമെന്റ് നം. | 19/AE/LSGD/VDK/16-17/7.2.17 |

എം ബുക്ക് നം.180/17-18

. സാമ്പത്തിക ബുദ്ധിമുട്ട് മൂലം വർക്ക് ചെയ്യുവാൻ സാധിച്ചില്ല എന്നും ആയതിനാൽ കാലാവധി നീട്ടിത്തരണമെന്നുമുള്ള കരാറുകാരന്റെ 3/5/17 ലെ അപേക്ഷപ്രകാരം കാലാവധി നീട്ടിനൽകിയതിന്റെയും ഫൈൻ ഈടാക്കിയതിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കിട്ടിയ മറുപടി സ്വീകാര്യമല്ലാത്തതിനാൽ ഫൈൻ ഈടാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം താഴെ പറയും പ്രകാരം കണക്കാക്കുന്നു.

പ്രവൃത്തി തുടങ്ങിയ തീയതി - 7.2.2017

കാലാവധി - 6 മാസം (7.8.17നകം)

പണി പൂർത്തിയാക്കിയ തീയതി - 31.1.2018

കരാർ തുക - 282383/-

ഫൈൻ - 17.9.17 മുതൽ 16.12.17 വരെ 1% of 282383 = 2824.00

17.12.17 മുതൽ 31.1.18 വരെ 2% of 282383x46 = 2887
90

ആകെ ഫൈൻ തുക = 5711/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ചെലവു തുക 2,85,383 രൂ. തടസ്സപ്പെടുത്തുന്നു.

.

## 3-6 സത്താർ ഐലൻഡിൽ "ചീപ്പ് കം കൽവർട്ട് നിർമ്മാണം"- എസ്റ്റിമേറ്റ് കുറവ്,ഫൈൻ ഈടാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി നം. | SO035/16 ( 26/18) |
| അടങ്കൽ | 20,00,000/- |
| ചെലവ് | 1,99,92,301/- |
| എം ബുക്ക് നം. | 3/16-17 |
| എഗ്രിമെന്റ് നം. | 40/2015-16/AE/LSGD/VDK തീയതി 25.2.16 |
| കരാറുകാരൻ | സുനിൽ ബാബു പി വി |

ട്രഷറി ബിൽ നം. 17/17-18 തീയതി 5.8.17

ടി വർക്ക് സംബന്ധിച്ച താഴെകൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

1. സപ്ലിമെന്ററി എഗ്രിമെന്റ് നം. 1/2016-A/AE/LSGD/VDK തീയതി 24.10.16 പ്രകാരം പൂർത്തീകരണ തീയതി 24.1.17 വരെ ദീർഘിപ്പിച്ച് നല്കിയെങ്കിലും നിശ്ചിത സമയപരിധിയ്ക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല. 18.3.17 ലാണ് കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

എന്നാൽ കരാർ പ്രകാരം ഈടാക്കേണ്ട ഫൈൻ ഈടാക്കിയിട്ടില്ല.
പി ഏ സി - 1999354/- രൂപ
പണി പൂർത്തീകരിക്കേണ്ട തീയതി - 24.10.2016
ഈടാക്കേണ്ട ഫൈൻ - 1% of 1999354 upto 24.1.17 = 19993/-
2% “ from 25.1.17 to 18.3.17 = 39986x53/90= 23547/-
ആകെ ഫൈൻ തുക = 43,540/- രൂപ
2. മൊത്തം തുകയിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത 0.0100% belowഎസ്റ്റിമേറ്റ് അതായത് 19992301x 0.01% = 1999/- രൂപ കുറവ് നടത്തിയിട്ടില്ല.1999 രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടമായ 45539/- രൂപ (43540+1999) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.പ്രവൃത്തിയുടെ ചെലവു തുക 1,99,92,30/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതി-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0192/17-18 |
| പ്രോജക്ടിന്റെ പേര് | അക്വാപോണിക്സ്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| അടങ്കൽ | 4,00,000/- |
| ചെലവ് വിവരം | 59700/-രൂപ(ബിൽ നമ്പർ-03/17-18 തീയതി.27.03.18)<br>60,000/-രൂപ ഗുണഭോക്തൃ വിഹിതം |

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ അക്വാപോണിക്സ് എന്ന പദ്ധതിയിൽ 40 ഗുണഭോക്താക്കൾക്ക് 10000/- രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 1000 ലിറ്റർ കപ്പാസിറ്റിയിൽ അക്വാപോണിക്സ് സംവിധാനം(ഒരേ സമയം പച്ചക്കറി കൃഷിയും മത്സ്യ കൃഷിയും) ഒരുക്കുന്നതാണ് പദ്ധതി. എന്നാൽ അപേക്ഷകരായി 12 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതിയിൽ പങ്കാളികളായത്. ഇതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകത കാണുന്നു.

1) മേൽ പ്രോജക്ട് മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ല. നൂതന പദ്ധതി എന്ന നിലയിൽ 28.07.2017 ലെ ജില്ലാ ആസൂത്രണ സമിതിയുടെ ജില്ലാതല വിദഗ്ധ സമിതിയിയുടെ യോഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പക്ഷേ പദ്ധതി നടത്തുന്നതിന് സർക്കാർ ഉത്തരവ് നാളിതുവരെ ലഭിച്ചിരുന്നില്ല.സർക്കാർ ഉത്തരവ് ഇല്ലാതെ പദ്ധതി നടപ്പിലാക്കുന്നത് അനുചിതമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി പുരോഗമിക്കുന്നതിന് ഇടയിൽ ആഗസ്റ്റ് മാസം 16ാം തിയതി പ്രളയം വന്നതിനെ തുടർന്ന് പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചില്ല.

## 3-8 ബിറ്റുമിൻ -ബാക്കി തുക ലഭിച്ചിട്ടില്ല

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ 2017-18 വർഷം അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ 288 ബാരൽ ബിറ്റുമിൻ(VG-30) വാങ്ങി കരാറുകാർക്ക് നൽകിയിരുന്നു. ഇതിനായി ഡി.ഡി. നമ്പർ 332278180 തീ.06.01.2018 പ്രകാരം 1660819/- രൂപ ബി.പി.സി.എൽ ന് നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ 288 ബാരൽ ബിറ്റുമിൻ 5571രൂപ നിരക്കിലാണ് ലഭിച്ചത്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നൽകിയ തുക | 1660819 |
| ലഭിച്ച ബിറ്റുമിൻ 288x5571 | 1604448 |
| ബാക്കി ലഭിക്കുവാനുള്ള തുക | 56371 |

ബാക്കി ലഭിക്കുവാനുള്ള തുകയോ, തത്തുല്യമായ തുകയ്ക്കുള്ള ബിറ്റുമിനോ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ബിറ്റുമിൻ വില കുറച്ചത്-അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | 142/2017-18 |
| പദ്ധതിയുടെ പേര് | കര്യാപ്പിള്ളി OLH കോളനി റോഡ് റീട്ടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ഷൈൻ എ വില്ല്യംസ് |
| ചെലവ് വിവരം | 127959.94(ബിൽ നം.12/18-19 തീ.23.05.18) |

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ കര്യാപ്പിള്ളി OLH കോളനി റോഡ് ആകെ പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ 944 kgആണ്. അതിൽ 587kg കരാറുകാരന്റെ ബിറ്റുമിൻ ഉപയോഗിച്ചു.ബാക്കി 357kg ഡിപ്പാർട്ട്മെന്റൽ സപ്ലൈ ആയിരുന്നു.എസ്റ്റിമേറ്റ് പ്രകാരം ബിറ്റുമിൻ വില രൂപ 38.73/kg എന്ന നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത് . ഈ നിരക്കിലാണ് ബില്ലിൽ നിന്നും ബിറ്റുമിൻ വില കുറക്കേണ്ടത് .എന്നാൽ ബില്ലിൽ നിന്നും 35.70/kg എന്ന കണക്കിനാണ് കുറവ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടത് | ബില്ലിൽ നിന്നും കുറവ് ചെയ്തത് |
|---|---|---|
| ആകെ വർക്ക് ചെയ്തത് | 127959.94 | 127959.94 |
| ടെൻഡർ കുറവ് 0.01% | 12.79 | 12.79 |
| ബാക്കി | 127947.15 | 127947.15 |
| ബിറ്റുമിൻ കുറവ് | 13826.61 (357x38.73) | 12744.90 (357Kgx35.70) |
| | 114120.54 | 115202.25 |
| വ്യത്യാസം | 115202-114121 | 1081 |

മേൽ വ്യത്യാസം 1081/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | കാർഷിക കർമ്മസേന | 100000 | 0 |
| ,, | ,, | 200000 | കിടപ്പിലായ രോഗികളുടെ പരിചരണം | 200000 | 0 |
| “ | “ | 175000 | ശാരീരിക മാനസിക വെല്ലുവിളി | 175000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് ധനസഹായം | | |
| " | " | 250000 | പാൽ വില സബ്സിഡി | 250000 | 0 |
| " | " | 98000 | കുട്ടു മത്സ്യകൃഷി | 98000 | 0 |
| ജില്ലാ പഞ്ചായത്ത് | " | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം | 174995 | 5 |
| " | " | 1053000 | ലൈഫ് ഭവനപദ്ധതി | 37671 | 1015329 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | - | 987149 | 987149 | 0 |
| " | " SC സങ്കേതം | - | 75000 | 66900 | 8100 |

കെഎസ്ഇബി യിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 564/2010/LSGD തീയതി 22.2.10 | 14437500 | 4331250 | 1443750 | - | 2887500 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7056/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1 | 360 | ശ്രീകുമാർ പി എ | 117170104280/19.2.18 |
| " | " | 360 | രാജീവൻ എം പി | 11710103716/10.1.18 |
| " | " | 360 | സൗമ്യ കെ എസ് | 117170104662/6.3.18 |
| " | " | 360 | വി എസ് ഗോപി | 117170103526/26.12.17 |
| " | " | 360 | ബോസ് എം ഇ | 117170103457/21.12.17 |
| " | " | 1250 | മാവേലി സ്റ്റോർ | 117170104230/16.02.18 |
| " | 2-2 | 200 | മാവേലി സ്റ്റോർ | 117170104229/" |
| " | " | 3000 | ഷാഹിത | 117170104513/27.2.18 |
| " | " | 800 | ശൂലപാണി | 117170102986/24.11.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ :

-ഇല്ല-

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം – നടപടികൾ ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77387740 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80703089 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3080 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 20277684 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1(എ) | 1250 | | ഷിബു എം കെ, സെക്രട്ടറി |
| 3-5 | - | 5711 | സിന്ധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 1999 | -ടി - |
| 3-9 | - | 1081 | ലാലി കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 285383 | സിന്ധു എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 19992301 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലി കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വടക്കേക്കര ഗ്രാമപഞ്ചായത്ത് | മനക്കപ്പറമ്പിൽ, കോട്ടയിൽകോവിലകം, ചേന്ദമംഗലം |
| ഷിബു എം കെ, സെക്രട്ടറി | സെക്രട്ടറി, വടക്കേക്കര ഗ്രാമപഞ്ചായത്ത് | മംഗലപ്പറമ്പിൽ, മനക്കപ്പടി, കരുമാല്ലൂർ പി ഓ |
| സിന്ധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | ശാന്താ ഭവൻ, പെരുമ്പടന്ന, വടക്കൻ പറവൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)102/98/9.8.98 |
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2006-07 | എൽ.എഫ്.ഇ(പി2)1456/11/12.04.12/09.07.12. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |

| | |
|---|---|
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി2)2019/13/23.11.13/16.12.13. |
| 2013-14 | എൽ.എഫ്.ഇ(പി10)1554/2015/9.9.15 |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017/26.07.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1418/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ